കേരള സർക്കാർ
വിവര പൊതുജന സമ്പർക്ക (ഡി) വകുപ്പ്

നമ്പർ.22940/ഡി1/09/ഐ&പി.ആർ. തിരുവനന്തപുരം,
തീയതി: 22.9.2009

## സർക്കുലർ

വിഷയം:- സർക്കാരിന്റെ എല്ലാ വകുപ്പുകൾക്കുമാവശ്യമായ ഇലക്ട്രോണിക് മാധ്യമ പരസ്യങ്ങളുടെ നിർമ്മാണം റിലീസിംഗ്, മാർക്കറ്റിംഗ് എന്നിവ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേന നടപ്പാക്കുന്നത് - സംബന്ധിച്ച്..

സർക്കാരിന്റെ എല്ലാ വകുപ്പുകൾക്കുമാവശ്യമായ ഇലക്ട്രോണിക് പരസ്യങ്ങളുടെ നിർമാണം, റിലീസിംഗ്, മാർക്കറ്റിംഗ് എന്നിവ നിർവ്വഹിക്കുന്നതിനായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ എല്ലാ വകുപ്പുകളെയും അറിയിക്കുന്നു

1. വകുപ്പുകൾ ഇലക്ട്രോണിക് മീഡിയയിലൂടെ ചെയ്യാൻ ഉദ്ദേശിക്കുന്ന പരസ്യങ്ങൾ, അനുവദിച്ചിട്ടുള്ള തുക എന്നിവയെ കുറിച്ച് എല്ലാ സാമ്പത്തിക വർഷാരംഭത്തിലും ഐ&പി.ആർ.ഡി - യെ മുൻകൂട്ടി അറിയിക്കുക.
2. ഐ&പി.ആർ.ഡി ഇലക്ട്രോണിക് മാധ്യമ സ്ഥാപനങ്ങളുമായി ചർച്ച നടത്തി, കുറഞ്ഞ തുക നിശ്ചയിച്ച് കരാറുണ്ടാക്കി, മീഡിയാ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ഐ&പി.ആർ.ഡി വഴി പരസ്യങ്ങൾ റിലീസ് ചെയ്താൽ മാത്രമേ കരാർ നിരക്കിന്റെ ആനുകൂല്യം ലഭ്യമാകുകയുള്ളു
3. വകുപ്പുകൾക്കാവശ്യമായ പരസ്യങ്ങളുടെ നിർമാണ ചുമതല സർക്കാരിന്റെ നയപരിപാടികൾക്ക് അനുസൃതമായി ഐ& പി.ആർ.ഡി നിർവ്വഹിക്കുന്നുണ്ട് വകുപ്പുകൾ ഈ സൗകര്യം ഉപയോഗിക്കേണ്ടതാണ്.
4. വകുപ്പുകൾ തന്നെ സ്വന്തമായി നിർമിച്ച് സംപ്രേക്ഷണം ചെയ്യാൻ ഉദ്ദേശിക്കുന്ന പരിപാടികൾ ഐ& പി.ആർ.ഡി മുഖേന മാത്രം മാർക്കറ്റ് ചെയ്യേണ്ടതാണ്.
5. ടി വി ചാനലുകൾ, റേഡിയോ (AIR & FM), വെബ് സൈറ്റുകൾ എന്നിവ കൂടാതെ റെയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റേഷനുകൾ, പൊതു സ്ഥലങ്ങളിലേയും മറ്റും ഇലക്ട്രോണിക് പരസ്യബോർഡുകൾ, സിസി ടിവികൾ എന്നിവയുമായും പി. ആർ. ഡി തുക നിശ്ചയിച്ച് കരാർ ഉടമ്പടി ഉണ്ടാക്കിയിട്ടുണ്ട്. ഈ മാധ്യമങ്ങൾ ഉപയോഗിക്കാൻ ഉദ്ദേശിക്കുന്ന വകുപ്പുകൾ ഈ നിരക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.
6. വകുപ്പുകൾക്കാവശ്യമായ മിഡീയാ പ്ലാൻ, സ്ട്രാറ്റജി തുടങ്ങിയവ സർക്കാരിനു വേണ്ടി പി. ആർ. ഡി ചെയ്യുന്നുണ്ട്. ഇവ ശരിയായ രീതിയിൽ പ്രയോജനപ്പെടുത്താൻ വകുപ്പുകൾ ശ്രദ്ധിക്കേണ്ടതാണ്.

7. വകുപ്പുകൾ സ്വന്തമായി നിർമിക്കുന്ന പരസ്യങ്ങളുടെ നിലവാരം,. ആശയം/സർക്കാരിന്റെ നയപരമായ നിലപാടുകൾ/ഹൈ ലൈററ്സ് എന്നിവ നിർമാണത്തിനു മുമ്പു തന്നെ ഐ & പി. ആർ. ഡി യുമായി ചർച്ച ചെയ്യാവുന്നതാണ്.

8. വകുപ്പുകൾ സ്വന്തമായ് നിർമിച്ച് നൽകുന്ന പരസ്യങ്ങൾ റിലീസ് ചെയ്യുവാനായ് ഐ&പി.ആർ.ഡി. -യെ ഏൽപ്പിക്കുമ്പോൾ എത്ര ചാനലുകൾക്കാണോ നൽകേണ്ടത് അത്രയും എണ്ണം നിർദ്ദിഷ്ഠ ടേപ്പുകളിൽ കോപ്പി നൽകേണ്ടതാണ്.

9. ഐ&പി.ആർ.ഡി സ്വന്തമായി നിർമിച്ച് ദൂരദർശനിലൂടെ സംപ്രേക്ഷണം ചെയ്യുന്ന ജനകീയ പരിപാടികളായ സുതാര്യ കേരളം, നവ കേരളം - വീട്ടു വിശേഷം എന്നീ പരിപാടികളും വകുപ്പ് സ്വകാര്യ ചാനലുകളിൽ സംപ്രേക്ഷണം ചെയ്യാൻ ആലോചിച്ചുവരുന്ന വാർത്താ ധിഷ്ഠിത പരിപാടികൾ, ഡോക്യുമെന്ററികൾ എന്നിവയുടെ ഇടയിൽ പരസ്യങ്ങൾ നൽകാൻ ഉദ്ദേശിക്കുന്ന വകുപ്പുകൾ ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പിന്റെ ഇലക്ട്രോണിക് മീഡിയ അഡ്വർടൈസിംഗ് & മാർക്കറ്റിംഗ് വിഭാഗവുമായി ബന്ധപ്പെടേണ്ട താണ്.

10. പൊതുജന താൽപര്യാർത്ഥം ഐ & പി ആർ ഡി നിർമിക്കുന്ന പരസ്യങ്ങൾ സംബന്ധിച്ച് വകുപ്പുകൾക്ക് ക്രിയാത്മകമായ നിർദേശങ്ങൾ ഉണ്ടെങ്കിൽ അറിയിക്കേണ്ടതാണ്

ഷീലാതോമസ്
ഗവൺമെന്റ് സെക്രട്ടറി

എല്ലാ വകുപ്പുതലവൻമാർക്കും
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ)/ആഡിറ്റ്, കേരള, തിരുവനന്തപുരം
സെക്രട്ടറി, പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള/മഹാത്മഗാന്ധി/കോഴിക്കോട്/കണ്ണൂർ/അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി
എല്ലാബോർഡ്,/കോർപ്പറേഷൻ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഡയറക്ടർമാർക്ക്
സെക്രട്ടറി, കേരള വാട്ടർ അതോറിറ്റി
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
സെക്രട്ടറിയുടെ സി.എ.യ്ക്ക്
അഡീഷണൽ ഡയറക്ടറുടെ സി.എ.യ്ക്ക്
ഡയറക്ടറുടെ സി.എ.യ്ക്ക്.
ഡെപ്യൂട്ടി ഡയറക്ടർ I,II,III
എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
രജിസ്ട്രാർ, സിഡിറ്റ്, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ(പരസ്യം)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ വകുപ്പ് (www.prd.kerala.gov.in)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ